സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 59 ലക്കം: 190 2024 നവംബർ 15 വെള്ളി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

ഇന്ന് സ്വർണവിലയിൽ വർധന

തൃശ്ശൂർ : 3 ദിവസത്തിനിടെ രണ്ടായിരത്തിലധികം രൂപ ഇടിഞ്ഞ സ്വർണവിലയിൽ ഇന്ന് നേരിയ മുന്നേറ്റം. പവന് 80 രൂപ വർധിച്ച് ഒരു പവൻ സ്വർണത്തിന്റെ വില 55,560 രൂപയായി. ഗ്രാമിന് പത്തുരൂപയാണ് കൂടിയത്. 6945 രൂപയാണ് ഒരു ഗ്രാം സ്വർണത്തിന്റെ വില.

വിദ്യാർത്ഥി മുങ്ങിമരിച്ചു

തൃശ്ശൂർ :പുറനാട്ടുകര ക്ഷേത്രക്കുളത്തിൽ കുളിക്കാനിറങ്ങിയ എൻജിനീയറിങ് വിദ്യാർത്ഥി മുങ്ങിമരിച്ചു. അടാട്ട് ഉടലക്കാവ് അമ്പാടി ഹൗസിൽ ശ്രീഹരി (21)ആണ് മരിച്ചത്.

ശബരിമല നട നേരത്തെ തുറക്കും

പത്തനംതിട്ട: ശബരിമല നട വൈകിട്ട് 4മണിക്ക് തുറക്കും. തിരക്ക് പരിഗണിച്ചാണ് തീരുമാനം; സാധാരണ 5മണിക്കാണ് തുറക്കുക.

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

മഹാരാഷ്ട്രയിൽ വിധിയെഴുത്തിന് ഇനി അഞ്ചുനാൾ; ചെറുകക്ഷികളുടെ നിലപാട് നിർണായകം

മുംബൈ : ബി.ജെ.പി.യുടെ നേതൃത്വത്തിലുള്ള മഹായുതിയും കോൺഗ്രസ് നേതൃത്വത്തിലുള്ള മഹാവികാസ് അഘാഡിയും (എം.വി.എ) തമ്മിലുള്ള പോരാട്ടമായിട്ടാണ് മഹാരാഷ്ട്ര നിയമസഭാ തിരഞ്ഞെടുപ്പ് പ്രധാനമായും വിലയിരുത്തപ്പെടുന്നതെങ്കിലും ചെറുകക്ഷികളുടെ സാന്നിധ്യവും സ്വാധീനവും നിർണായകമായേക്കും. ഒരുമുന്നണിക്കും വ്യക്തമായ ഭൂരിപക്ഷം ലഭിക്കാത്ത ഒരു സാഹചര്യത്തിൽ നിലപാട് നിർണായകമാകും.

അസദുദ്ദീൻ ഒവൈസിയുടെ ഓൾ ഇന്ത്യ മജ്ലിസ്-ഇ-ഇത്തേഹാദുൽ മുസ്‌ലിമീൻ (എ.ഐ.എം.ഐ.എം),രാജ് താക്കറെയുടെ മഹാരാഷ്ട്രനവനിർമാൺ സേന (എം.എൻ.എസ്), പ്രകാശ് അംബേദ്കറുടെ വഞ്ചിത് ബഹുജൻ അഘാഡി (വി.ബി.എ) തുടങ്ങിയ പാർട്ടികളാണ് സംസ്ഥാനത്ത് മത്സരിക്കുന്ന ചെറിയ കക്ഷികൾ. ചെറുപാർട്ടികൾക്കും സ്വതന്ത്രർക്കും 30 സീറ്റുകൾ വരെ ലഭിക്കാമെന്ന് നിരീക്ഷകർ കരുതുന്നു .2019 ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ, ചെറിയപാർട്ടികളും സ്വതന്ത്രരും ചേർന്ന് 29 സീറ്റുകൾ നേടിയിരുന്നു. 63 മണ്ഡലങ്ങളിൽ ചെറിയ പാർട്ടികളും സ്വതന്ത്രരും രണ്ടാം സ്ഥാനത്തെത്തി.മഹാരാഷ്ട്രയിലെ മിക്കമണ്ഡലങ്ങളിലും ഏകദേശം 4ലക്ഷം വോട്ടർമാരുണ്ട്.ചിലതിൽ 3 ലക്ഷത്തോളം വോട്ടർമാരാണുള്ളത്. ശരാശരി 60 ശതമാനം പോളിങ് രേഖപ്പെടുത്തിയാൽ ഒരു മണ്ഡലത്തിൽ ഏകദേശം 2.5 ലക്ഷം വോട്ടുകൾ രേഖപ്പെടുത്തും. വോട്ട്വിഭജനം കാരണം ഒരു ലക്ഷത്തോളം വോട്ടുകൾ ഓരോ സീറ്റിലും വിജയിയെ നിർണയിക്കുമെന്നാണ് വിലയിരുത്തൽ.

അത്തരമൊരു സാഹചര്യത്തിൽ,ചെറിയ പാർട്ടികൾ ഒട്ടേറെ സീറ്റുകളിൽ നിർണായകമാകുമെന്ന് വിലയിരുത്തുന്നു മുൻ തിരഞ്ഞെടുപ്പുകളെ അപേക്ഷിച്ച് ഇക്കുറി മഹാരാഷ്ട്രയിലെ രാഷ്ട്രീയം കൂടുതൽ ശിഥിലമായിരിക്കുന്ന സാഹചര്യത്തിൽ ചെറിയപാർട്ടികളും ശക്തരായ സ്വതന്ത്രസ്ഥാനാർഥികളും പ്രമുഖകക്ഷികളുടെ കണക്കുകൂട്ടലുകളെ തകിടം മറിച്ചേക്കാമെന്നും നിരീക്ഷകർ വിലയിരുത്തുന്നു.

മുംബൈയിൽ 2മുന്നണികൾക്കും ഭീഷണിയായി എം.എൻ.എസിന്റെ സാന്നിധ്യം ശക്തമാണ്.എം.എൻ.എസ് മുംബൈയിൽ 25 സീറ്റുകളിൽ മത്സരിക്കുന്നുണ്ട്. ഇത്തവണ മജ്ലിസ് പാർട്ടി 16 സീറ്റുകളിൽ മാത്രമാണ് മത്സരിക്കുന്നത്.കഴിഞ്ഞ തവണ 44 സീറ്റുകളിൽ മത്സരിച്ചിരുന്നു. കുറഞ്ഞത് 10 സീറ്റുകളിലെങ്കിലും വിജയിക്കാനാവും എന്ന പ്രതീക്ഷ പാർട്ടിക്കുണ്ട്. പ്രകാശ് അംബേദ്കറുടെ വഞ്ചിത് ബഹുജൻ അഘാഡി (വി.ബി.എ) മുംബൈയിലും വിദർഭാ മേഖലയിലുമായി 67 സ്ഥാനാർഥികളെ നിർത്തിയിട്ടുണ്ട്.

മഹാരാഷ്ട്രയിലെ ജനസംഖ്യയുടെ 14ശതമാനം ദളിതരാണ് അതിൽ ഏഴ് ശതമാനം ബുദ്ധദളിതരാണ്.1956-ൽ മരിക്കുന്നതിന് മാസങ്ങൾക്ക് മുൻപ് ലക്ഷക്കണക്കിന് അനുയായികളോടൊപ്പം ബുദ്ധമതം സ്വീകരിച്ച ദളിതരുടെ നായകൻ എന്നറിയപ്പെടുന്ന ബി.ആർ അംബേദ്കറുടെ ചെറുമകനാണ് പ്രകാശ് അംബേദ്കർ. മുൻ തിരഞ്ഞെടുപ്പുകളിൽ വിദർഭ, മറാത്തവാഡ മേഖലകളിൽ വി.ബി.എ അതിന്റെ ശക്തി പ്രകടമാക്കിയിട്ടുണ്ട്.

2019ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ വി.ബി.എ 7ശതമാനം വോട്ട്വിഹിതം നേടിയിരുന്നു. ഗണ്യമായി ദളിത് വോട്ടുകൾ ആകർഷിക്കാൻ വി.ബി.എയ്ക്ക് കഴിഞ്ഞാൽ അത് എം. വി. എ സഖ്യത്തിന് തിരിച്ചടിയായി മാറിയേക്കാം.

2019 ലെ നിയമസഭാ തിരഞ്ഞെടുപ്പ് ഫലങ്ങൾ വ്യക്തമാക്കുന്നത് വി.ബി.എ, കോൺഗ്രസ്-എൻസിപി സഖ്യത്തിന്റെ സാധ്യതകളെ 10സീറ്റുകളിൽ ഇല്ലാതാക്കി എന്നതാണ്. 2024ലെ ലോക്സഭാ തിരഞ്ഞെടുപ്പിലും വി.ബി.എ. ഏതാനും സീറ്റുകളിൽ എം.വി.എയ്ക്ക് തിരിച്ചടിയേൽപ്പിച്ചിരുന്നു. മറാഠാ നേതാവ് മനോജ് ജരാങ്കെ പാട്ടീലും തിരഞ്ഞെടുപ്പിൽ സ്വാധീനം ചെലുത്തിയേക്കും.

2024-ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ ബി.ജെ.പിയോടും ഉപമുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നവിസിനോടുമുള്ള പാട്ടീലിന്റെ എതിർപ്പ് മറാത്തവാഡയിലും വിദർഭയിലും പശ്ചിമ മഹാരാഷ്ട്രയിലും മഹായുതിക്ക് തിരിച്ചടിയേൽപ്പിച്ചിരുന്നു. മഹാരാഷ്ട്രയിലെ 30ശതമാനം വരുന്ന മറാഠാ വിഭാഗത്തിന്റെ വോട്ടുകളെ സ്വധീനിക്കുന്ന നേതാവായി അദ്ദേഹം മാറിയിട്ടുണ്ട്.

മഹാരാഷ്ട്രയിൽ വിധിയെഴുത്തിന് കേവലം അഞ്ചുദിനങ്ങൾമാത്രം ബാക്കിനിൽക്കെ പ്രചാരണം അവസാനഘട്ടത്തിലേക്ക്. പ്രധാന പാർട്ടികളുടെ അഖിലേന്ത്യാനേതാക്കളും മുഖ്യമന്ത്രിമാരും സംസ്ഥാനത്ത് പ്രചാരണത്തിരക്കിലാണ്. സ്ഥാനാർഥികൾ സ്കാഡ് പ്രവർത്തനങ്ങളിലും വ്യാപൃതരായിരിക്കുന്നു. പ്രധാനമന്ത്രി നരേന്ദ്രമോദി, കേന്ദ്രആഭ്യന്തരമന്ത്രി അമിത്ഷാ, ബി.ജെ.പി. അധ്യക്ഷൻ ജെ.പി നഡ്ഡ, ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥ് തുടങ്ങിയവർ മഹായുതിക്കുവേണ്ടി പ്രചാരണം നടത്തുന്നു. കോൺഗ്രസ് അധ്യക്ഷൻ മല്ലികർജുൻ ഖാർഗെ, ലോക്സഭാ പ്രതിപക്ഷനേതാവ് രാഹുൽഗാന്ധി, അശോക ഗഹ്‌ലോത്, സച്ചിൻ പൈലറ്റ് എന്നിവർ മഹാവികാസ് അഘാഡിക്കും പ്രചാരണരംഗത്ത് സജീവം. വികസനപ്രവർത്തനങ്ങൾ എടുത്തുകാട്ടിയുള്ള ആദ്യഘട്ടപ്രചാരണത്തിൽനിന്ന് വർഗീയതയിലേക്ക് പ്രചാരണം വഴിമാറിയിട്ടുണ്ട്. മുസ്‌ലിങ്ങൾക്ക് സംവരണം അനുവദിക്കാനാണ് കോൺഗ്രസിന്റെ നീക്കമെന്നും ജമ്മു-കശ്മീരിൽ 370-ാം വകുപ്പ് പുനഃസ്ഥാപിക്കാൻ അവർ ശ്രമിക്കുന്നതായും ബി.ജെ.പി. പ്രചാരണം അഴിച്ചുവിടുന്നു. സംവരണത്തിന്റെ പേരിൽ ജാതികളെ തമ്മിലടിപ്പിക്കാനാണ് കോൺഗ്രസ് ശ്രമിക്കുന്നതെന്നും ഒന്നിച്ചുനിന്നാലേ ശക്തരാകൂ എന്നും പ്രധാനമന്ത്രി മോദി പ്രചാരണം നടത്തുന്നു.

രാഹുൽഗാന്ധി ഭരണഘടനയുടെ സംരക്ഷണം എടുത്തുയർത്തിയും ജാതി സെൻസസ് നടപ്പാക്കുമെന്നും വ്യക്തമാക്കുന്നു. മഹാരാഷ്ട്രയുടെ മഹത്ത്വം ഉയർത്തിക്കാട്ടി ഉദ്ധവ്താക്കറെ ബി.ജെ.പിയെ പ്രതിരോധിക്കുന്നു. മഹാരാഷ്ട്രയുടെ പ്രഭാവം മങ്ങുന്നുവെന്ന് ശരദ്പവാറും പ്രസംഗത്തിലുടനീളം എടുത്തുകാട്ടുന്നു.

മുനമ്പത്തേത് വഖഫ് ഭൂമി തന്നെ; അത് അഡ്ജസ്റ്റുമെന്റുകൾക്ക് ഉള്ളതല്ല; സമസ്ത

കോഴിക്കോട്: തീരദേശമേഖലയായ മുനമ്പത്ത് വഖഫ് ബോർഡുമായി ബന്ധപ്പെട്ട പ്രശ്നം കത്തിപ്പടരുന്നതിനിടെ വിഷയത്തിൽ നിലപാട് വ്യക്തമാക്കി സമസ്ത. മുനമ്പത്തേത് വഖഫ് ഭൂമി തന്നെയെന്ന് സമസ്ത മുഖപത്രത്തിൽ ലേഖനം. വഖഫ് ഭൂമി അഡ്ജസ്റ്റുമെന്റുകൾക്ക് ഉള്ളതല്ലെന്ന് ലേഖനത്തിൽ പറയുന്നു. എസ്.വൈ.എസ് സെക്രട്ടറി മുസ്തഫ മുണ്ടുപാറയുടേതാണ് ലേഖനം.

വഖഫ് ഭൂമിയെച്ചൊല്ലിയുള്ള ഇപ്പോഴത്തെ തർക്കം പലർക്കും സ്വന്തം താത്പര്യം സംരക്ഷിക്കാൻകൂടിയാണ്. രാഷ്ട്രീയപാർട്ടികൾ വിഷയത്തെ നിസാരവത്കരിക്കുന്നു. മുനമ്പത്തെ ഭൂമിയുടെ ഇപ്പോഴത്തെ അവസ്ഥയ്ക്ക് കാരണം ഫാറൂഖ് കോളേജ് അധികൃതരും വഖഫ് ബോർഡും മാറിമാറിവന്ന സർക്കാരുകളുമാണ്. വിഷയത്തിൽ ഫാറൂഖ് കോളേജിന്റെ ദുരൂഹമൗനം അത്ഭുതപ്പെടുത്തുന്നതാണ്.

ചില രാഷ്ട്രീയ നേതാക്കൾ എന്ത് അടിസ്ഥാനത്തിലാണ് വഖഫ് ഭൂമി അല്ലെന്ന് പ്രഖ്യാപിക്കുന്നത്. മുസ്ലിം സംഘടനകളുടെ യോഗത്തിലുണ്ടായ തീരുമാനം ആശങ്കയുണ്ടാക്കുന്നതാണ്. മുനമ്പത്തെ കുടികിടപ്പുകാർ നിരപരാധികൾ. അവർക്ക് നീതി ലഭിക്കണം. എന്നാൽ, റിസോർട്ട് ഉടമകളും വമ്പൻ മാഫിയകളുമൊക്കെയാണ് ഭൂമി പിടിച്ചെടുക്കാൻ രംഗത്തുള്ളത്.

താത്പര്യങ്ങളുടേയും അഡ്ജസ്റ്റുമെന്റുകളുടേയും പുറത്ത് പരിഹാരം കാണേണ്ടതല്ല വഖഫ് സ്വത്ത്. വിഷയത്തിൽ മതപരമായ പരിഹാരം കണ്ടെത്തേണ്ടതുണ്ട്. പണ്ഡിതന്മാർ വിഷയത്തിൽ ഇടപെടണം. സർക്കാരിന് തെറ്റ് പറ്റിയെങ്കിൽ തിരുത്തുകയും വേണം. എന്നാൽ, അത് വഖഫ് ഭൂമി ഏറ്റെടുത്ത് കൊണ്ടാകരുത് എന്നും ലേഖനത്തിൽ പറയുന്നു.

മുനമ്പത്തേത് വഖഫ് ഭൂമി തന്നെയാണെന്നും 1950-ലാണ് അത് വഖഫായതെന്നും സമസ്ത മുശാവറ അംഗം ഉമർ ഫൈസി മുക്കം ഇന്നലെ പറഞ്ഞിരുന്നു. 404 ഏക്കർ ഭൂമിയാണ് മുനമ്പത്ത് വഖഫ് സ്വത്തായിട്ടുള്ളത്. വഖഫ് സ്വത്ത് വിൽക്കാൻപാടില്ല. അതറിയാതെ സ്ഥലംവാങ്ങിയവർക്ക് വിറ്റവരിൽനിന്ന് വില തിരികെവാങ്ങിക്കൊടുക്കുകയാണ് സർക്കാർ ചെയ്യേണ്ടത്.

അവിടെ ആളുകളെ ഇളക്കിവിടുന്നത് അറുപതോളം റിസോർട്ടുകാരാണ്. നിരപരാധികളായ കുടിയേറ്റക്കാരെ രക്ഷിക്കണം. അങ്ങനെയാണ് പ്രശ്നം പരിഹരിക്കേണ്ടത്. കോഴിക്കോട് ഫാറൂഖ് കോളേജ് സ്ഥിതിചെയ്യുന്ന സ്ഥലവും വഖഫാണ്. തന്റെ വാക്കുകൾ ചില ചാനലുകൾ നിരന്തരം വളച്ചൊടിക്കുകയാണെന്നും താൻ പറയുന്നതും സമസ്തയുടെ നിലപാടും ഒന്നുതന്നെയാണെന്നും ഉമർ ഫൈസി പറഞ്ഞു.

പിതാവിനെ രക്ഷിക്കുന്നതിനിടെ മകനും ഷോക്കേറ്റു; ദാരുണം; പന്നിക്കെണിയൊരുക്കിയതാര്?

പാലക്കാട് വാളയാർ അട്ടപ്പള്ളത്ത് പന്നിക്കെണിയിൽ നിന്നും ഷോക്കേറ്റ് അച്ഛനും മകനും മരിച്ചു. കിഴക്കേ അട്ടപ്പള്ളം സ്വദേശി മോഹനൻ, മകൻ അനിരുദ്ധ് എന്നിവരാണ് മരിച്ചത്. കുളത്തിൽ നിന്നും കൃഷിയിടത്തിലേക്ക് വെള്ളം പമ്പ് ചെയ്യാനായി പോവുന്ന സമയത്തായിരുന്നു മോഹനന് ഷോക്കേറ്റത്. പിന്നാലെ അച്ഛനെ അന്വേഷിച്ചെത്തിയ മകനും ഷോക്കേറ്റുവെന്നാണ് പൊലീസ് നിഗമനം. ഹൈടെൻഷൻ ലൈനിൽ നിന്നും വൈദ്യുതി നേരിട്ട് പന്നിക്കെണിയിലേക്ക് എത്തിച്ചുവെന്നാണ് പരിശോധനയിൽ തെളിഞ്ഞത്. പന്നിക്കെണി സ്ഥാപിച്ചവരെ കണ്ടെത്താൻ വാളയാർ പൊലീസ് അന്വേഷണം തുടങ്ങി. മോഹനന്റെയും അനിരുദ്ധിന്റെയും മൃതദേഹം പാലക്കാട് ജില്ലാ ആശുപത്രി മോർച്ചറിയിലേക്ക് മാറ്റി

മകളുടെ വിവാഹത്തിനു ദിവസങ്ങൾ മാത്രം ശേഷിക്കെ ആ പിതാവിന്റെയും കുടുംബത്തിന്റെയും മനസ്സിൽ പ്രതീക്ഷകളും ആധിയും മാത്രമായിരുന്നു ഉണ്ടായിരുന്നത്. രണ്ടാം വിള ഒരുക്കത്തിനൊപ്പം മകളുടെ വിവാഹത്തിരക്കിലേക്കു കടക്കുന്നതിനിടെയാണ് അപ്രതീക്ഷിതമായെത്തിയ ദുരന്തം മോഹനന്റെയും മകൻ അനിരുദ്ധിന്റെയും ജീവനെടുത്തത്.

സ്കൂട്ടർ യാത്രക്കാരന് പരിക്കേറ്റു

പുതുക്കാട്: ആമ്പല്ലൂരിൽ സിഗ്നൽ ജംഗ്ഷനിൽ വെച്ച് ബസിനടിയിൽ പെട്ട് സ്കൂട്ടർ യാത്രക്കാരന് പരിക്കേറ്റു. കൊടകര സ്വദേശി വീമ്പുള്ളി വീട്ടിൽ ജോർജ്ജിനാണ് പരിക്കേറ്റത്.

വക്കീൽ നോട്ടീസിന് മറുപടിയില്ല: അൻവറിനെതിരെ കേസുമായി പി ശശി

കണ്ണൂർ: പി വി അൻവർ എംഎൽഎക്കെതിരെ ക്രിമിനൽ അപകീർത്തി കേസ് നൽകി മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറി പി ശശി. തനിക്കെതിരെ അൻവർ ഉന്നയിച്ച ആരോപണങ്ങൾ പിൻവലിച്ച് മാപ്പുപറയണമെന്നാവശ്യപ്പെട്ട് പി ശശി വക്കീൽ നോട്ടീസ് അയച്ചിരുന്നു. ഇതിന് മറുപടി നൽകാത്തതിനെ തുടർന്നാണ് കേസ് നൽകിയത്. തലശേരി, കണ്ണൂർ കോടതികളിലാണ് കേസ് നൽകിയിരിക്കുന്നത്.

ഒക്ടോബർ മൂന്നിനാണ് അൻവറിനെതിരെ പി ശശി വക്കീൽ നോട്ടീസ് അയച്ചത്. ആരോപണങ്ങൾ രാഷ്ട്രീയ ലക്ഷ്യത്തോടെയുള്ളതാണ്. ആരോപണം ഉടൻ പിൻവലിച്ചില്ലെങ്കിൽ ക്രിമിനൽ നടപടി സ്വീകരിക്കും. പൊതു സമ്മേളനങ്ങളിലും വാർത്താ സമ്മേളനങ്ങളിലും ഉന്നയിച്ച ആരോപണങ്ങളും സി പി എം സംസ്ഥാന സെക്രട്ടറിക്ക് നൽകിയ പരാതികളിലും ഖേദം പ്രകടിപ്പിക്കണമെന്നുമാണ് നോട്ടീസിൽ ആവശ്യപ്പെട്ടിരുന്നത്. എന്നാൽ നോട്ടീസിന് അൻവർ മറുപടി നൽകാൻ തയ്യാറായില്ല. തുടർന്നാണ് കേസുമായി മുന്നോട്ടുപോകാൻ ശശി തീരുമാനിച്ചത്.

അത്യന്തം ഗുരുതരമായ ആരോപണങ്ങളാണ് അൻവർ ശശിക്കെതിരെ ഉന്നയിച്ചത്. സ്വർണക്കൊള്ളയിൽ പി ശശിക്ക് പങ്കുണ്ടെന്നതടക്കം നിരവധി ഗുരുതര ആരോപണങ്ങളാണ് പാർട്ടിക്ക്

നൽകിയ പരാതിയിൽ ഉന്നയിച്ചിരിക്കുന്നത്.'സ്വർണക്കടത്തിന്റെ പങ്ക് പി ശശി പറ്റുന്നുണ്ട്. പ്രാദേശിക നേതാക്കൾ മുഖ്യമന്ത്രി പിണറായി വിജയനെ കാണാൻ ശ്രമിച്ചാൽ തടയുകയും താൻ പറഞ്ഞോളാമെന്ന് പറഞ്ഞ് അവരെ തിരികെ അയക്കുകയും ചെയ്യുന്നു, സാമ്പത്തിക തർക്കങ്ങളിൽ ഇടനില നിന്ന് ലക്ഷങ്ങൾ തട്ടുന്നു. ചില കേസുകൾ ഒത്തുതീർപ്പുണ്ടാക്കി കമ്മീഷൻ വാങ്ങും. മുഖ്യമന്ത്രിയുടെ ഓഫീസിലെത്തുന്ന പരാതിക്കാരികളുടെ നമ്പർ വാങ്ങുകയും സ്ത്രീകളെ വിളിച്ച് ശൃംഗാര ഭാവത്തിൽ ഇടപെടുകയും ചെയ്യുന്നു' – തുടങ്ങി നിരവധി ആരോപണങ്ങളാണ് പി ശശിക്കെതിരെ അൻവർ ഉന്നയിച്ചിരുന്നത്.

പൊളിറ്റിക്കൽ സെക്രട്ടറിയായി പി ശശി തുടർന്നാൽ താങ്ങാനാകാത്ത മാനക്കേടും നാണക്കേടും അധികം വൈകാതെ തന്നെ പാർട്ടിയും മുഖ്യമന്ത്രിയും നേരിടേണ്ടിവരും. ഒരു സ്വാവെന്ന നിലയ്ക്ക് ഉത്തമബോദ്ധ്യത്തോടെയാണ് പാർട്ടിയെ ഇക്കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തുന്നതെന്നും അൻവർ പരാതിയിൽ പറഞ്ഞിരുന്നു. സന്ദീപാനന്ദഗിരിയുടെ ആശ്രമം കത്തിച്ച കേസിൽ പൊലീസ് റിപ്പോർട്ട് പുഴ്ത്തിവച്ച എഡിജിപിയെ പൊളിറ്റിക്കൽ സെക്രട്ടറി സംരക്ഷിക്കുകയാണോയെന്ന് പരിശോധിക്കണം,സോളാർ കേസ് അട്ടിമറിക്കാൻ പി ശശി ഇടപെട്ടോയെന്ന് പരിശോധിക്കണം എന്നും ശശി പരാതിയിൽ ആവശ്യപ്പെട്ടിരുന്നു.

ശശിക്കെതിരെ അൻവർ ഉന്നയിച്ച ആരോപണങ്ങളിൽ അന്വേഷണം വേണ്ടെന്നായിരുന്നു സിപിഎമ്മിന്റെ തീരുമാനം. ശശി ഉത്തരവാദിത്വത്തോടെ പ്രവർത്തിക്കുന്നു എന്നായിരുന്നു പാർട്ടി സംസ്ഥാന സെക്രട്ടറിയേറ്റിന്റെ വിലയിരുത്തൽ.

കണ്ണൂരിൽ നാടകസംഘം സഞ്ചരിച്ച മിനി ബസ് മറിഞ്ഞു; രണ്ട് മരണം

കണ്ണൂർ: കേളകത്ത് ബസ് മറിഞ്ഞ് രണ്ട് മരണം. കായംകുളം സ്വദേശി അഞ്ജലി, കരുനാഗപ്പള്ളി സ്വദേശി ജെസ്സി മോഹൻ എന്നിവരാണ് മരിച്ചത്. നാടകസംഘം സഞ്ചരിച്ച മിനി ബസാണ് അപകടത്തിൽപ്പെട്ടത്. 9 പേർക്ക് പരിക്കേറ്റതായും റിപ്പോർട്ടുകളുണ്ട്. ചിലരുടെ പരിക്ക് ഗുരുതരമാണെന്നാണ് വിവരം. ഇവർ വിവിധ ആശുപത്രികളിൽ ചികിത്സയിലാണ്.

ഇന്ന് പുലർച്ചെ നാല് മണിയോടെയായിരുന്നു അപകടം. നാടക സംഘത്തിന് ഇന്നലെ കണ്ണൂരിൽ പരിപാടിയുണ്ടായിരുന്നു. അതുകഴിഞ്ഞ്, ഇന്ന് ബത്തേരിയിൽ നടക്കുന്ന പരിപാടിയിൽ പങ്കെടുക്കാൻ പോകവേയാണ് അപകടമുണ്ടായത്.

കേളകത്ത് നിന്ന് നെടുംപൊയിൽ ചുരം വഴി വയനാട്ടിലെത്താനായിരുന്നു സംഘം ആദ്യം ശ്രമിച്ചത്. എന്നാൽ ചുരത്തിൽ മണ്ണിടിച്ചിൽ ഭീഷണി ഉള്ളതുമൂലം ഗതാഗതം നിരോധിച്ചിരിക്കുകയാണ്. തുടർന്ന് മറ്റൊരു എളുപ്പവഴിയിലൂടെ വയനാട്ടിൽ പോകവേയാണ് അപകടമുണ്ടായത്. വാഹനം നിയന്ത്രണം വിട്ട് തലകീഴായി മറിയുകയായിരുന്നു.

ജില്ലാ അധ്യക്ഷന് ഇരട്ടവോട്ടുണ്ട്; സമ്മതിച്ച് ബി.ജെ.പി സ്ഥാനാർഥി

പാലക്കാട്: ബി.ജെ.പി ജില്ലാ അധ്യക്ഷന് ഇരട്ടവോട്ടുണ്ടെന്ന് സമ്മതിച്ച് സ്ഥാനാർഥി സി. കൃഷ്ണകുമാർ. ഇത് നീക്കം ചെയ്യാൻ അപേക്ഷ നൽകിയിരുന്നുവെന്നും തിരഞ്ഞെടുപ്പ് കമ്മീഷനാണ് ഇത് നീക്കം ചെയ്യേണ്ടതെന്നും കൃഷ്ണകുമാർ പറഞ്ഞു.

ഒരന്വേഷണവും ഇല്ലാതെയാണ് 16 പേരുടെ വോട്ട് ഒഴിവാക്കിയത്. ഇവർ അപേക്ഷ കൊടുക്കാത്ത, സ്ഥിരതാമസക്കാരാണ്. തങ്ങൾ കള്ളവോട്ട് ചേർത്തിയിട്ടില്ലെന്നും സി. കൃഷ്ണകുമാർ പറഞ്ഞു.

പരസ്യപ്രചാരണം അവസാനിക്കാൻ നാല് ദിവസം മാത്രം ശേഷിക്കെ ഇരട്ടവോട്ടുമായി ബന്ധപ്പെട്ട ആരോപണ പ്രത്യാരോപണങ്ങളുമായി മുന്നോട്ട് പോകുകയാണ് മുന്നണികൾ. മണ്ഡലത്തിൽ ഇരട്ടവോട്ടുകളുണ്ടെന്ന ആരോപണത്തിൽ ഉറച്ചു നിൽക്കുകയാണ്

സി.പി.എം. സി.പി.എം നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ ബി.എൽ.ഒമാരുടെയും ബൂത്ത് ഏജന്റുമാരുടെയും അടിയന്തര യോഗം വിളിച്ചിട്ടുണ്ട്. രണ്ടായിരത്തിലധികം ഇരട്ടവോട്ടുകൾ മണ്ഡലത്തിലുണ്ടെന്നാണ് സി.പി.എമ്മിന്റെ പരാതിയിൽ ചൂണ്ടിക്കാട്ടുന്നത്. മലമ്പുഴ മണ്ഡലത്തിൽ നിന്നും പാലക്കാട് മണ്ഡലത്തിലേക്ക് ബി.ജെ.പിയും കോൺഗ്രസും വോട്ടുചേർത്തു എന്നാണ് ആരോപണം.

ആന എഴുന്നള്ളിപ്പ്; നിർദേശങ്ങൾ പാലിച്ചാൽ തൃശൂർപൂരം നടത്താൻ കഴിയില്ലെന്ന് തിരുവമ്പാടിദേവസ്വം

തൃശൂർ: ആന എഴുന്നള്ളിപ്പ് സംബന്ധിച്ച ഹൈക്കോടതിയുടെ പുതിയ മാർനിർദേശങ്ങൾ തൃശൂർ പൂരത്തെ പ്രതിസന്ധിയിലാക്കുമെന്ന് തിരുവമ്പാടി ദേവസ്വം സെക്രട്ടറി കെ. ഗിരീഷ് കുമാർ. എഴുന്നള്ളിപ്പിന് ഹൈക്കോടതി ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ പാലിച്ചാൽ തൃശൂർ പൂരം നടത്താനാകില്ലെന്ന് ഗിരീഷ് കുമാർ പറഞ്ഞു. ആന എഴുന്നള്ളിപ്പിന് കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ഹൈക്കോടതി നിർദേശം വന്നത് കഴിഞ്ഞ ദിവസമാണ്.

ഹൈക്കോടതിയുടെ വ്യവസ്ഥകൾ പാലിച്ചാൽ തൃശൂർ പൂരം നടത്താൻ സാധിക്കില്ലെന്ന് തിരുവമ്പാടി, പാറമേക്കാവ് ദേവസ്വങ്ങൾ കഴിഞ്ഞ ദിവസം തന്നെ വ്യക്തമാക്കിയിരുന്നു. നിയന്ത്രങ്ങൾ പാലിച്ചാൽ മഠത്തിൽവരവും തെക്കോട്ടിറക്കവും നടത്താൻ കഴിയില്ലെന്ന് ഗിരീഷ് കുമാർ വ്യക്തമാക്കി. 36 മണിക്കൂർ നീണ്ടു നിൽക്കുന്ന പൂര ചടങ്ങുകൾക്ക് ഒരു വിഭാഗത്തിനു തന്നെ 150-ൽ ഏറെ ആനകൾ വേണ്ടിവരും. ഉത്സവങ്ങളെ ഇല്ലാതാക്കാൻ ഇറങ്ങിയ എൻജിഒകളെ മാത്രം കേട്ട് തീരുമാനമെടുക്കരുതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

അതേസമയം ഇക്കാര്യത്തിൽ ഹൈക്കോടതി പറയുന്ന തരത്തിലുള്ള നിർദേശം പാലിച്ചാൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ആചാരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് പൂരം, പൂരപ്രേമികൾക്ക് ഇഷ്ടപ്പെടുന്ന തരത്തിൽ നടത്താൻ സാധിക്കില്ലെന്ന് വന്യൂ മന്ത്രി കെ. രാജനും വ്യക്തമാക്കി. നാട്ടാന പരിപാലന ചട്ടത്തിന്റെ പുതിയ ഭേദഗതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യാൻ ഈ മാസം 20-ാം തീയതി തന്നെ വനംവകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ യോഗം വിളിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു.

ആന എഴുന്നള്ളിപ്പ് നിയന്ത്രണങ്ങളിൽ സർക്കാർ അടിയന്തരമായി ഇടപെടണമെന്ന് പൂരപ്രേമി സംഘം കൺവീനർ വിനോദ് കണ്ടേൻകാവിലും ആവശ്യപ്പെട്ടു. ഇപ്പോഴത്തെ നിയന്ത്രണങ്ങൾ വന്നാൽ പൂരം എഴുന്നള്ളിപ്പ് നടക്കില്ല. പൂരം അട്ടിമറിക്കാൻ ലക്ഷ്യമിടുന്ന വിദേശ ശക്തികൾ അടക്കമുള്ളവരുടെ നീക്കമുണ്ടെന്നും വിനോദ് കൂട്ടിച്ചേർത്തു.

എഴുന്നള്ളത്തിന് എത്തുന്ന ആനകളും ജനങ്ങളും തമ്മിൽ എട്ടു മീറ്റർ അകലവും ബാരിക്കേഡും വേണമെന്നത് ഉൾപ്പെടെ കർശന വ്യവസ്ഥകളാണ് കോടതി കഴിഞ്ഞ ദിവസം മുന്നോട്ടുവെച്ചത്. ക്ഷേത്രാങ്കണത്തിലടക്കം ജനങ്ങളിൽനിന്ന് എട്ടുമീറ്റർ അകലം പാലിക്കാൻ കഴിയുമെങ്കിൽ മാത്രമേ ആനകളെ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

പാറപ്പുറത്ത് ജന്മശതാബ്ദി ആഘോഷിച്ചു

തൃശൂർ: പ്രശസ്ത നോവലിസ്റ്റ് പാറപ്പുറത്തിന്റെ ജന്മശതാബ്ദി കലാസദന്റെ ആഭിമുഖ്യത്തിൽ സാഹിത്യ അക്കാദമി സ്മൃതിമണ്ഡപത്തിൽ നടത്തി.

സാഹിത്യഅക്കാദമി വൈ. പ്രസിഡണ്ട് അശോകൻ ചരുവിൽ ഉദ്ഘാടനം ചെയ്തു. മലയാള നോവലിസ്റ്റുകളിൽ സമകാലികരായിരുന്ന അന്നത്തെ 10 പ്രമുഖരെയെടുത്താൽ അതിലൊരാളായി മലയാളികൾ ആദരിച്ചിരുന്ന എഴുത്തുകാരനാണ് പാറപ്പുറത്തെന്നും അദ്ദേഹത്തിന്റെ ജന്മശതാബ്ദി വിപുലമായി സാഹിത്യ അക്കാദമി അടുത്തുതന്നെ നടത്തുന്നതാണെന്നും പ്രസ്താവിച്ചു.

കവിയും നോവലിസ്റ്റുമായ പ്രൊഫ. വി.ജി. തമ്പി അദ്ധ്യക്ഷത വഹിച്ചു. നോവലിലൂടെയും സിനിമകളിലൂടെയും നിരവധി കഥാപാത്രങ്ങളെ മലയാളികളുടെ മനസ്സിൽ അനശ്വരമാക്കിയ നോവലിസ്റ്റായിരുന്നു പാറപ്പുറത്തെന്നും അഭിപ്രായപ്പെട്ടു. ചലച്ചിത്രനിരൂപകനായ പ്രൊഫ. ഐ. ഷൺമുഖദാസ് മുഖ്യപ്രഭാഷണം നടത്തി. കൊട്ടാരക്കരയുടെ കുഞ്ഞോനച്ചൻ എന്ന കഥാപാത്രവതരണം മലയാളസിനിമാലോകം എന്നും സ്മരിക്കുമെന്ന് അഭിപ്രായപ്പെട്ടു.

ഡോ. ജോർജ്ജ് മേനാച്ചേരി, അലക് സാണ്ടർ സാം, എൻ. ശ്രീകുമാർ, ഫാ. ജിയോ തെക്കിനിയത്ത്, ബേബി മൂക്കൻ, വി. പി. ജോൺസ് എന്നിവർ സംസാരിച്ചു. ചിത്രത്തിൽ പുഷ്പാർച്ചനയും ഉണ്ടായിരുന്നു. ടി.ഒ. വിത്സൻ, ജെയ്ക്കബ് ചെങ്ങലായ്, പി.എൽ. ജോസ്, സിൽവി ജോർജ്, മാധവിക്കുട്ടി, പോൾ ചെവിടൻ തുടങ്ങിയവർ നേതൃത്വം നല്കി.

കലാസദന്റെ പാറപ്പുറത്ത് ജന്മശതാബ്ദി സമ്മേളനം അശോകൻ ചരുവിൽ ഉദ്ഘാടനം ചെയ്യുന്നു. വി.ജി. തമ്പി, ഫാ.ജിയോ തെക്കിനിയത്ത്, ടി.ഒ. വിത്സൻ, ബേബി മൂക്കൻ എൻ. ശ്രീകുമാർ, അലക്സാണ്ടർ സാം, ഡോ. ജോർജ് മേനാച്ചേരി തുടങ്ങിയവരെയും കാണാം

വർണ്ണോത്സവം; ശിശുദിനം ആഘോഷിച്ചു

ജില്ലാ ഭരണകൂടം, ജില്ലാ ശിശുക്ഷേമ സമിതി, പൊതു വിദ്യാഭ്യാസ വകുപ്പ്, തൃശ്ശൂർ കോർപ്പറേഷൻ, ജില്ലാ പഞ്ചായത്ത് എന്നിവയുടെ നേതൃത്വത്തിൽ വർണ്ണോത്സവം 2024 ശിശുദിനാഘോഷം സംഘടിപ്പിച്ചു. തൃശ്ശൂർ സി.എം.എസ് സ്കൂൾ പരിസരത്ത് നിന്നും രാവിലെ 8 ന് ആരംഭിച്ച ശിശുദിന റാലി തൃശ്ശൂർ കോർപ്പറേഷൻ മേയർ എം.കെ വർഗ്ഗീസ് ഫ്ളാഗ് ഓഫ് ചെയ്തു. പി. ബാലചന്ദ്രൻ എംഎൽഎ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.എസ് പ്രിൻസ് എന്നിവർ റാലിയെ ടൗൺ ഹാളിൽ സ്വീകരിച്ചു.ടൗൺ ഹാളിൽ നടന്ന ശിശുദിന ആഘോഷ പരിപാടികൾ കുട്ടികളുടെ ചാച്ചാജി എസ്. ദക്ഷിണ (സെന്റ് ജോർജ്ജ് മിക്സഡ് യു.പി സ്കൂൾ, പനങ്ങാട്) ഉദ്ഘാടനം ചെയ്തു. മേഘ സൂസൻ പോൾ (സെന്റ് ജോസഫ് യു.പി.എസ്, പനങ്ങാട്) അധ്യക്ഷത വഹിച്ചു. എ.എസ് ഫാത്തിമ അൻസാന (എ.വി.എം.യു.പി സ്കൂൾ, അഴിക്കോട്) സ്വാഗതം ആശംസിച്ചു.

ശിശുദിനാഘോഷം നടത്തി

വടക്കാഞ്ചേരി ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രത്തിന്റെ (ഡിഇഐസി) നേതൃത്വത്തിൽ വാഴാനി ഡാം പരിസരത്ത് ശിശുദിനാഘോഷം സംഘടിപ്പിച്ചു. വടക്കാഞ്ചേരി എം.എൽ.എ സേവ്യർ ചിറ്റിലപ്പിള്ളി ഡിഇഐസി ഗുണഭോക്താക്കളായ 30 കുട്ടികളെയും മാതാപിതാക്കളെയും സന്ദർശിച്ച് പരിപാടിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. എംഎൽഎ ശിശുദിനാശംസകൾ നേർന്നുകൊണ്ട് കുഞ്ഞുങ്ങൾക്ക് ഉപഹാരങ്ങൾ കൈമാറി. തെക്കുംകര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സുനിൽകുമാർ, ആർദ്രം നോഡൽ ഓഫീസർ ഡോ. ശ്രീജിത്ത് എച്ച്. ദാസ്, ഡി ഇ ഐ സി മാനേജർ നീനാ മനോഹരൻ എന്നിവർ സംസാരിച്ചു.

ടെണ്ടർ ക്ഷണിച്ചു

കൊടുങ്ങല്ലൂർ :ശിശുവികസന പദ്ധതി കാര്യാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന 139 അങ്കണവാടികൾക്ക് കണ്ടിജൻസി സാധനങ്ങൾ വാങ്ങി വിതരണം ചെയ്യുന്നതിനായി വ്യക്തികൾ/ സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ നവംബർ 26 ന് വൈകീട്ട് 3 നകം ലഭിക്കണം. കൂടുതൽ വിവരങ്ങൾക്കായി ഓഫീസുമായി ബന്ധപ്പെടുക ഫോൺ: 0480 2805595.

തൃശ്ശൂർ ജനറൽ ആശുപത്രിയിൽ എന്റെ കണ്മണിക്ക് ഫസ്റ്റ് ഗിഫ്റ്റ് പദ്ധതി നടപ്പാക്കി

തൃശ്ശൂർ: കേരളവിഷൻ മണപ്പുറം ഫൗണ്ടേഷനുമായി സഹകരിച്ചാണ് ശിശുദിനത്തിൽ തൃശ്ശൂർ ജനറൽ ആശുപത്രിയിൽ എന്റെ കണ്മണിക്ക് ഫസ്റ്റ് ഗിഫ്റ്റ് പദ്ധതി നടപ്പാക്കിയത്.ആശുപത്രി അങ്കണത്തിൽ കോർപ്പറേഷൻ മേയർ എം കെ വർഗീസ് പരിപാടി ഉദ്ഘാടനം ചെയ്തു. സമൂഹത്തിൽ ഇന്നും മറ്റുള്ളവരെ സഹായിക്കാൻ സന്മനസുള്ള സംവിധാനം ഉണ്ട് എന്നതിന്റെ തെളിവാണ് കേരള വിഷന്റെ എന്റെ കൺമണിക്ക് ഫസ്റ്റ് ഗിഫ്റ്റ് പദ്ധതിയെന്ന് എം.കെ. വർഗ്ഗീസ് പറഞ്ഞു.

എന്റെ കൺമണിക്ക് ഫസ്റ്റ് ഗിഫ്റ്റ് പദ്ധതിയുടെ ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കാൻ കഴിഞ്ഞതിൽ ഒരു അമ്മയെന്ന നിലയിൽ ഏറെ സന്തോഷമുണ്ടെന്ന് മുഖ്യാതിഥിയായി പങ്കെടുത്ത നടി ഭാമ പറഞ്ഞു.

ശിശുദിനത്തിൽ എന്റെ കൺമണിയ്ക്ക് ഫസ്റ്റ് ഗിഫ്റ്റ് പദ്ധതിയുടെ ഭാഗമാകാൻ മണപ്പുറം ഫൗണ്ടേഷന് കഴിഞ്ഞതിൽ സന്തോഷമുണ്ടെന്ന് ബേബി കിറ്റ് കൈമാറിയ മണപ്പുറം ഫൗണ്ടേഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ജോർജ്.ഡി.ദാസ് അഭിപ്രായപ്പെട്ടു. ബേബി കിറ്റുകൾ ജോർജ്. ഡി. ദാസിൽ നിന്ന് തൃശൂർ ജനറൽ ആശുപത്രി സൂപ്രണ്ട് ഡോക്ടർ താജ് പോൾഏറ്റുവാങ്ങി.കേരള വിഷനുമായി ഈ പദ്ധതിയിൽ കൈ കോർക്കാൻ കഴിഞ്ഞതിൽ സന്തോഷമുണ്ടന്ന് മണപ്പുറം ഫൗണ്ടേഷൻ സി.എസ്.ആർ ഹെഡ് ശിൽപ്പ ട്രീസ സെബാസ്റ്റ്യൻ പറഞ്ഞു ശിശുദിനത്തിൽ എന്റെ കൺമണിക്ക് ഫസ്റ്റ് ഗിഫ്റ്റ് പദ്ധതി വഴി കുഞ്ഞുങ്ങൾക്ക് സമ്മാനം നൽകാൻ കഴിഞ്ഞതിൽ സന്തോഷമുണ്ടെന്ന് പരിപാടിയിൽ അധ്യക്ഷത വഹിച്ച കേരള വിഷൻ എം.ഡി പ്രജേഷ് അച്ചാണ്ടി അഭിപ്രായപ്പെട്ടു

സിനിമ താരം ഭാമ ബേബി കിറ്റുകൾ കൈമാറി.എന്റെ കൺമണിയ്ക്ക് ഫസ്റ്റ് ഗിഫ്റ്റ് പദ്ധതി നടപ്പാക്കിയതിന് തൃശൂർ ജനറൽ ആശുപത്രിയുടെ അഭിനന്ദന പത്രം കേരള വിഷൻ എം ഡി പ്രജേഷ് അച്ചാണ്ടി മണപ്പുറം ഫൗണ്ടേഷൻ ചീഫ് എക്സിക്യൂട്ടിവ് ജോർജ് ഡി.ദാസിന് കൈമാറി.കോർപ്പറേഷൻ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ പി.കെ.ഷാജൻ,ഡോ വി.കെ. മിനി, സി,ഒ.എ ജില്ല പ്രസിഡണ്ട് ടി.ഡി. സുഭാഷ്, ആശുപത്രി ഡെപ്യൂട്ടി സൂപ്രണ്ട് ഡോ അനൂപ്, തൃശൂർ കേരള വിഷൻ എം.ഡി ടി.ജയപ്രകാശ്, കേരള വിഷൻ ഡയറക്ടർ സുബ്രഹ്മണ്യൻ തുടങ്ങിയവർ പരിപാടിക്ക് ആശംസകൾ അർപ്പിച്ചു.സി.ഒ.എ തൃശൂർ ജില്ല സെക്രട്ടറി ആന്റണി സ്വാഗതം പറഞ്ഞ പരിപാടിക്ക് സി.ഒ.എ തൃശൂർ ജില്ല ട്രഷറർ സി.ജി.ജോസ് നന്ദി പറഞ്ഞു.കേരളത്തിലെ സർക്കാർ ആശുപത്രികളിൽ ജനിക്കുന്ന കുഞ്ഞുങ്ങൾക്ക് ആദ്യ സമ്മാനമായി ബേബി കിറ്റുകൾ വിതരണം ചെയ്യുന്ന എന്റെ കണ്മണിക്ക് ഫസ്റ്റ് ഗിഫ്റ്റ്.

നിര്യാതനായി

മുരളീധരൻ

വാടാനപ്പള്ളി: ഏനാമാവ്, പരേതനായ പള്ളിത്താഴത്ത് മാധവൻ മകൻ മുരളീധരൻ (79) നിര്യാതനായി. ഭാര്യ: സതീരത്നം. മക്കൾ : ആഷിഷ്, അബീഷ്. മരുമക്കൾ : ചിഞ്ചു, അരുന്ധതി. സംസ്കാരം, ഇന്ന് രാവിലെ 11.00 മണിക്ക് വീട്ടുവളപ്പിൽ നടത്തപ്പെട്ടു. റിട്ട.എയർ ഫോഴ്സ് ഉദ്യോഗസ്ഥനായിരുന്നു.

നെഹറു ജന്മദിനാചരണം

ഇരിങ്ങാലക്കുട: കോൺഗ്രസ് മണ്ഡലം കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ രാജീവ് ഗാന്ധി മന്ദിരത്തിൽ പുഷ്പാർച്ചന, അനുസ്മരണം എന്നിവയോടെ നടന്നു. ബ്ലോക്ക് കോൺഗ്രസ് പ്രസിഡണ്ട് സോമൻ ചിറ്റേത്ത് ഉദ്ഘാടനം ചെയ്തു. മണ്ഡലം പ്രസിഡണ്ട് സി.എസ്. അബ്ദുൾ ഹഖ് അധ്യക്ഷത വഹിച്ചു. ഡി. സി. സി. ജനറൽ സെക്രട്ടറി സോണിയ ഗിരി, നഗരസഭ അധ്യക്ഷ മേരിക്കുട്ടി ജോയ്, യൂത്ത് കോൺഗ്രസ് നിയോജക മണ്ഡലം പ്രസിഡണ്ട് സനൽ കല്ലൂക്കാരൻ, ടി.വി. ചാർളി, ജോമോൻ മണാത്ത്, കെ. വേണുഗോപാൽ, ജെയ്സൺ പാറേക്കാടൻ, സിജു യോഹന്നാൻ, കൗൺസിലർമാർ, ബ്ലോക്ക് – മണ്ഡലം ഭാരവാഹികൾ എന്നിവർ പങ്കെടുത്തു .

കുപ്രസിദ്ധ ഗുണ്ടക്കെതിരെ കാപ്പ ചുമത്തി

കൈപ്പമംഗലം പോലീസ് സ്റ്റേഷൻ പരിധിയിലെ കുപ്രസിദ്ധ ഗുണ്ട ഇച്ചാവ എന്നറിയപ്പെടുന്ന ചാമക്കാല ചക്കുഞ്ഞി കോളനി സ്വദേശി ചക്കനാത്ത് വീട്ടിൽ വൈഷണവിനെ (26 വയസ്സ്) കാപ്പ ചുമത്തി തടങ്കലിലാക്കി.

മൂർക്കനാട്ടെ ഇരട്ടക്കൊലപാതകം, നാല് വധശ്രമക്കേസ്സുകൾ, കവർച്ച തുടങ്ങി പത്തോളം കേസ്സുകളിൽ പ്രതിയാണ്. ഇരട്ടകൊലപാതക കേസ്സിൽ ജാമ്യത്തിന് ശ്രമിച്ചു വരുന്നതിനിടെയാണ് കാപ്പ ചുമത്തിയത്. തൃശ്ശൂർ റൂറൽ ജില്ല പോലീസ് മേധാവി നവനീത് ശർമ്മ IPS നല്കിയ ശുപാർശയുടെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ല കളക്ടർ അർജ്ജുൻ പാണ്ഡ്യൻ IAS ആണ് 6 മാസത്തേക്ക് തടങ്കൽ ഉത്തരവ് പുറപ്പെടുവിച്ചത്. കൈപ്പമംഗലം പോലീസ് ഇൻസ്പെക്ടർ ഷാജഹാൻ. M, സീനിയർ സിവിൽ പോലീസ് ഓഫീസർമാരായ മുഹമ്മദ് റാഫി ചേനകപറമ്പിൽ, ഷിജു എന്നിവർ കാപ്പ ചുമത്തുന്നതിലും പ്രതിയെ അറസ്റ്റ് ചെയ്യുന്നതിലും പ്രധാന പങ്ക് വഹിച്ചു.

നിര്യാതരായി

പെരുമ്പിലാവ്: തിപ്പിലശ്ശേരി കോഞ്ഞാളത്ത വളപ്പിൽ പരേതനായ ഗോവിന്ദയുടെ മകൻ **ജനാർദ്ദനൻ** (66) നിര്യാതനായി. സംസ്കാരം വെള്ളിയാഴ്ച രാവിലെ 9ന് ചെറുതുരുത്തി ശാന്തി തീരത്ത് നടക്കും. ഭാര്യ: ശ്യാമള. മക്കൾ: മഞ്ജു, അഞ്ജു കഴിഞ്ഞമാസം 23 ന് അബുദാബിയിൽ വച്ചുണ്ടായ വാഹനാപകടത്തിലാണ് ജനാർദ്ദനൻ മരണമടഞ്ഞത്. വെള്ളിയാഴ്ച രാവിലെ 8 മണി മുതൽ 9 മണിവരെ തിപ്പിലശ്ശേരിയിലെ വീട്ടിൽ പൊതു ദർശനത്തിന് ശേഷം മൃതദേഹം ചെറുതുരുത്തിയിലേക്ക് കൊണ്ടുപോകും.

രഘുനന്ദനൻ



തൃപ്രയാർ: 'വിപഞ്ചിക'യിൽ ടി. രഘുനന്ദനൻ (80) അന്തരിച്ചു. റിട്ട. ഫാക്ട് ഉദ്യോഗസ്ഥനും എൻ.എസ്.എസ്. തൃപ്രയാർ കരയോഗം മുൻ സെക്രട്ടറിയുമാണ്. ഭാര്യ: മാറഞ്ചേരി വിജയലക്ഷ്മി. മക്കൾ: സുനിൽ, വീണ. മരുമക്കൾ: രാധിക, ഷാജു. സംസ്കാരം ഇന്ന് ഉച്ചക്ക് 12ന് ലാലൂർ ശ്മശാനത്തിൽ.

ആനീസ് കൊലപാതകം: അന്വേഷണം സി ബി ഐ ക്ക് വിടണം: തോമസ് ഉണ്ണിയാടൻ

ഇരിങ്ങാലക്കുട: അനീസ് കൊലപാതക കേസിലെ പ്രതികളെ ഇത് വരെയും കണ്ടുപിടിയ്ക്കാൻ കഴിയാത്ത സാഹചര്യത്തിൽ അന്വേഷണം സി ബി ഐ ക്ക് വിടണമെന്ന് കേരള കോൺഗ്രസ് ഡെപ്യൂട്ടി ചെയർമാൻ തോമസ് ഉണ്ണിയാടൻ ആവശ്യപ്പെട്ടു. കൊലപാതകം നടന്ന 5 വർഷം പൂർത്തിയായ ദിവസം കേരള കോൺഗ്രസ് നടത്തിയ പ്രതിഷേധ ധർണ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

2019 നവംബർ 14നാണ് വീട്ടമ്മയായ കൂനൻ അനീസ് പോൾസൺ വീടിനുള്ളിൽ വച്ച് പട്ടാപകൽ ക്രൂരമായി കൊലചെയ്യപ്പെട്ടത്. ആദ്യം ലോക്കൽ പോലീസ് അന്വേഷിച്ച കേസ് പിന്നീട് ക്രൈംബ്രാഞ്ചിന് കൈമാറിയെങ്കിലും ഒരു തുമ്പും ലഭിച്ചില്ല. ഈ സംഭവത്തിൽ വീട്ടുകാരും നാട്ടുകാരും ഒരുപോലെ ആശങ്കയിലാണെന്നും ഉണ്ണിയാടൻ പറഞ്ഞു.

പ്രസിഡന്റ് റോക്കി ആളൂക്കാരൻ അധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി മിനി മോഹൻദാസ്, പി.ടി. ജോർജ്, സിജോയ് തോമസ്, മാഗി വിൻസന്റ്, ഷൈനി ജോജോ, ഫെനി എബിൻ, ഫിലിപ്പ് ഒളാട്ടുപുറം, അജിത സദാനന്ദൻ, തുഷാര ബിന്ദു, വിനീത് തൊഴുത്തുംപറമ്പിൽ, എബിൻ വെള്ളാനിക്കാരൻ, എൻ. ഡി.പോൾ പ്രസംഗിച്ചു.

യോഗാസന മത്സരം: രജിസ്ട്രേഷൻ നാളെ കൂടി

തൃശൂർ: ജില്ലാ യോഗ അസോസിയേഷൻ നടത്തുന്ന ജില്ലാ യോഗാസന മത്സരത്തിൽ പങ്കെടുക്കാൻ നാളെ കൂടി റജിസ്റ്റർ ചെയ്യാം. 24ന് വിവേകോദയം ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിലാണ് മൽസരം. 9495885248 .

CHANGE OF NAME

I, **SINASIR NISTHAR MOIDEEN,** HOLDER OF PASSPORT NO J9445807, DO HERE BY CHANGE MY NAME AS **SINASIR P.M.** FOR THE PURPOSE OF PASSPORT.

Sd/-

SINASIR P.M.

ശാന്തിനികേതനിൽ ശിശുദിനാഘോഷം

ഇരിങ്ങാലക്കുട ശാന്തിനികേതൻ പബ്ലിക് സ്കൂളിൽ ശിശുദിനം ആഘോഷിച്ചു. നാലാം ക്ലാസ് വിദ്യാർത്ഥി ലാൻസ് ലൈജു ചാച്ചാജിയായി 'മാനേജർ പ്രൊഫസർ എം എസ് വിശ്വനാഥൻ, പി.ടി. എ പ്രസിഡണ്ട് കൃഷ്ണകുമാർ, വിദ്യാർത്ഥികളായ കെ.ജി. ആരധ്യ, സാത്വിക് ദേവ് എന്നിവർ സംസാരിച്ചു . തുടർന്ന് വിദ്യാർത്ഥികൾ വൈവിധ്യമാർന്ന കലാപരിപാടികൾ അവതരിപ്പിച്ചു. കൺവീനർ എം.സരിത, ജോ. കൺവീനർമാരായ രമ്യ, മെക്സി എന്നിവർ നേതൃത്വം നൽകി.

സഹൃദയവേദിയുടെ നിലവിലുള്ള അവാർഡുകൾക്ക് ശുപാർശകൾ ക്ഷണിച്ചു

തൃശ്ശൂർ: പ്രമുഖ സാഹിത്യ-സാംസ്കാരിക സംഘടനയായ സഹൃദയവേദി 58-ാം വാർഷികത്തോടനുബന്ധിച്ച് നല്കുന്ന നിലവിലുള്ള വിവിധ അവാർഡുകൾക്ക് ശുപാർശകൾ ക്ഷണിച്ചു. മികച്ച സാമൂഹ്യ-സാംസ്കാരിക നേതാവ്, പ്രഭാഷകൻ, ഗാന്ധിയൻ തുടങ്ങിയ നിലകളിൽ പ്രവർത്തിക്കുന്നവർക്ക്നല്കുന്ന ഡോ. കെ.കെ. രാഹുലൻ അവാർഡ്, മികച്ച സാമൂഹ്യ-സാംസ്കാരിക പ്രവർത്തകരായ കോളേജ് അദ്ധ്യാപകന് നൽകുന്ന 'പ്രൊഫ. മരുമകൻ രാജ മെമ്മോറിയൽ അവാർഡ്', മികച്ച ഡോക്ടർക്ക് നൽകുന്ന ഡോ. കെ. രാജഗോപാൽ സ്മാരക അവാർഡ് എന്നിവയ്ക്കും മികച്ച അക്ഷരശ്ലോകപ്രതിഭക്കു നൽകുന്ന പി.എസ്. വാരിയർ അവാർഡ്, മികച്ച കവിതാഗ്രന്ഥത്തിനു നൽകുന്ന പി.ടി.എൽ. അവാർഡ് എന്നിവക്കാണ് ശുപാർശകൾ ക്ഷണിച്ചിട്ടുള്ളത്. എല്ലാ അവാർഡിനും 10,000 രൂപ വീതമുള്ള ക്യാഷ് പ്രൈസും ഫലകവും പ്രശസ്തിപത്രവുമാണ് നൽകുക. ബന്ധപ്പെട്ട വ്യക്തികളുടെ ലഘുജീവചരിത്രക്കുറിപ്പും 5 വർഷത്തിനുള്ളിൽ പ്രസിദ്ധീകരിച്ച ഗ്രന്ഥങ്ങളും പ്രവർത്തന വിവരണവും 'ബേബി മൂക്കൻ, സെക്രട്ടറി, സഹൃദയവേദി, തൃശൂർ – 680 020' എന്ന വിലാസത്തിൽ 2024 നവംബർ 25ന് മുമ്പ് അയക്കേണ്ടതാണ്.Em-a-i-l: sa-hru-d-ay-¾-d-i-tcr@gm-a-i-l.com

പുതുക്കാട് സെന്റ് ആന്റണിസ് LP സ്കൂളിൽ ശിശുദിനാഘോഷം പുതുക്കാട് ഗ്രാമപഞ്ചായത്ത് വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സെബി കൊടിയൻ ഉൽഘാടനം ചെയ്തു. ഫാ. ഷിന്റോ അദ്ധ്യക്ഷതവഹിച്ച യോഗത്തിൽ HM ലൈസി ജോൺ, കലാക്കാരൻ സാഗർ ചന്ദ്രൻ, ഫ്രിജു കൂടലി, ദ്വീലീപ്, ജെസ്റ്റിൻ ജോണി, ഡാനി, ആൻസി ജോസ് എന്നിവർ സംസാരിച്ചു.

ഒ.ഐ. ഇ.ടി. സ്കൂളിൽ ശിശുദിനാഘോഷം സ്നേഹ തണലായി

തലക്കോട്ടുകര: ഇന്ത്യയാകുന്ന പൂന്തോട്ടത്തിലെ വൈവിധ്യമാർന്ന പൂക്കളാണ് ഓരോ കുട്ടികളും,ഓരോ പൂവിനും വിത്യസ്ത ധർമ്മമുള്ളതുപോലെ ഓരോ കുട്ടികളിലും മികവാർന്ന കഴിവുകളുണ്ട്. ആ കഴിവുകളെ പുറത്തേക്ക് കൊണ്ടുവന്ന് രാജ്യത്തിന്റെ പുരോഗതിയ്ക്കായി ഉപയോഗപ്പെടുത്തണമെന്ന് സാമൂഹിക പ്രവർത്തകൻ കരീം പന്നിത്തടം അഭിപ്രായപ്പെട്ടു.

പ്രകൃതി സംരക്ഷണ സംഘം കേരളം ഞാലികര ഒ.ഐ.ഇ.ടി. പബ്ലിക് സ്കൂളിൽ സംഘടിപ്പിച്ച ശിശുദിനാഘോഷം ഉൽഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.പ്രകൃതി സംരക്ഷണ സംഘം സംസ്ഥാന സെക്രട്ടറി ഷാജി തോമസ് എൻ അധ്യക്ഷത വഹിച്ചു. സ്പെഷൽ ബ്രാഞ്ച് സബ് ഇൻസ്പെക്ടർ വിനോദ് മുളകുന്നത്തുകാവ് മുഖ്യാതിഥിയായിരുന്നു. എക്സൈസ് അസി: ഇൻസ്പെക്ടർ പി.ജി. ശിവശങ്കരൻ മത്സര വിജയികൾക്കുള്ള സമ്മാനദാനവും, അസി:എക്സൈസ് ഇൻസ്പെക്ടർ എൻ. ആർ.രാജു സത്യപ്രതിജ്ഞയും ചൊല്ലി കൊടുത്തു.സ്കൂൾ ട്രസ്റ്റ് സി.ഒ.ഒ.എ.പി.പി. ജോഷി,പ്രിൻസിപ്പാൾ സുമ അച്ചുതൻ,ട്രസ്റ്റ് സെക്രട്ടറി മുല്ലപ്പിള്ളി നാരായണൻ, കോഡിനേറ്റർ അനു നായർ,പ്രകൃതി ജില്ലാ കമ്മറ്റി അംഗം പി.സി. തോംസൺ, പി.ടി. എം.എ. പ്രസിഡന്റ് ദുൽഫത്ത് അഷറഫ്, സെക്രട്ടറി അഞ്ജു കണ്ണൻ, അദ്ധ്യാപകരായ എൻ. വി.ആഷ്മി, എൻ.ആർ. ബീന എന്നിവർ പ്രസംഗിച്ചു. ശിശുദിനത്തിന്റെ ഭാഗമായി സംഘടിപ്പിച്ച ക്വിസ് മൽസരത്തിലും ചിത്രരചനയിലും വിജയികളായവർക്ക് മെമെന്റോയും, വൃക്ഷതൈയും സമ്മാനമായി നൽകുകയും,ഓർമ്മ മരം സ്ക്കൂൾ ക്യാംപസിൽ നട്ടുപിടിപ്പിക്കുകയും ചെയ്തു.

കോടതി പരസ്യം

ബഹുമാനപ്പെട്ട തൃശൂർ MACT മുമ്പാകെ

OP(MV): 943/2022

മനോജ് എൻ എസ്

-ഹരജിക്കാരൻ

പ്രദീപ് പി സി, S/o.ചന്ദ്രൻ, പനംപട്ട, മണലി, ഗാന്ധിനഗർ, ചിരനെല്ലൂർ, കേച്ചേരി, പിൻ-680501

-1-ാം എതൃകക്ഷി

മേൽ നമ്പ്രിൽ 1-ാം എതൃകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുവാൻ കൽപ്പിച്ച് മേൽ നമ്പ്ര് കേസ് **15-03-2025** തിയ്യതിക്ക് വെച്ചിരിക്കുന്നു. ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം കോടതിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതാണ്.

എന്ന്, 15-11-2024

ഹരജിഭാഗം അഡ്വക്കേറ്റ്സ്

പി. ഡി ജോസ് &

പി എസ് ഷോണിത്ത്

(ഒപ്പ്)

കോടതി പരസ്യം

ബഹുമാനപ്പെട്ട തൃശൂർ MACT മുമ്പാകെ

OP(MV): 1760/2023

സുബ്രഹ്മണ്യൻ കെ എം

-ഹരജിക്കാരൻ

കൃഷ്ണൻകുട്ടി, S/o. കുഞ്ഞിമോൻ, കാഞ്ഞിരകത്ത് ഹൗസ്, അണ്ടത്തോട് പി ഒ., തൃശൂർ-679564

-1-ാം എതൃകക്ഷി

മേൽ നമ്പ്രിൽ 1-ാം എതൃകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുവാൻ കൽപ്പിച്ച് മേൽ നമ്പ്ര് കേസ് **23-11-2024** തിയ്യതിക്ക് വെച്ചിരിക്കുന്നു. ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം കോടതിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതാണ്.

എന്ന്, 15-11-2024

ഹരജിഭാഗം അഡ്വക്കേറ്റ്സ്

പി. ഡി ജോസ് &

പി എസ് ഷോണിത്ത്

(ഒപ്പ്)

കോടതി പരസ്യം

ബഹുമാനപ്പെട്ട തൃശൂർ MACT മുമ്പാകെ

OP(MV): 1301/2022

അലവികുട്ടി തൈക്കാടൻ

-ഹരജിക്കാരൻ

ഹൈദരലി, S/o. അഹമ്മദ്, പുത്തൻപീടികക്കൽ ഹൗസ്, കാടാമ്പുഴ പി ഒ., മരവട്ടം, കോട്ടക്കൽ, മേൽമുറി, മലപ്പുറം-676553

-1-ാം എതൃകക്ഷി

മേൽ നമ്പ്രിൽ 1-ാം എതൃകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുവാൻ കൽപ്പിച്ച് മേൽ നമ്പ്ര് കേസ് **21-03-2025** തിയ്യതിക്ക് വെച്ചിരിക്കുന്നു. ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം കോടതിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതാണ്.

എന്ന്, 15-11-2024

ഹരജിഭാഗം അഡ്വക്കേറ്റ്സ്

പി. ഡി ജോസ് &

പി എസ് ഷോണിത്ത്

(ഒപ്പ്)

കോടതി പരസ്യം

ബഹുമാനപ്പെട്ട തൃശൂർ MACT മുമ്പാകെ

OP(MV): 3184/2019

അബ്ദു റഹിമാൻ

-ഹരജിക്കാരൻ

മുജീദ് റഹിമാൻ മേലത്തിൽ ഹൗസ്, പി ഒ പൊന്നാനി, മലപ്പുറം ജില്ല, പിൻ-679577

-2-ാം എതൃകക്ഷി

മേൽ നമ്പ്രിൽ 2-ാം എതൃകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുവാൻ കൽപ്പിച്ച് മേൽ നമ്പ്ര് കേസ് **03-03-2025** തിയ്യതിക്ക് വെച്ചിരിക്കുന്നു. ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം കോടതിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതാണ്.

എന്ന്, 15-11-2024

ഹരജിഭാഗം അഡ്വക്കേറ്റ്സ്

ലിജിമോൾ

(ഒപ്പ്)

COURT NOTICE

**BEFORE THE HON